
# O1BOOK
# MARK20

***LITTLE KITES***

**BROTHERS HSS MAVANDIYUR**





# മറന്നുപോയോ..............

ബാല്യത്തിൽ കണ്ടത നിന്നെ അല്ല ഞാൻ
ഇപ്പോൾ കാണുന്നത്
അമ്മേ നിൻ്റെ പച്ചപ്പിനെ നീ മറന്നുപോയോ?
ഭൂമിയുടെ പ്രാധാന്യവും ഭംഗിയും ആയിരുന്ന
നീ മറന്നു പോയോ
നീ നശിച്ചു പോകുന്നത് കാണാൻ
എനിക്കാവില്ലമ്മേ
ദുഷ്ടരുടെകയ്യിൽ നിന്ന് നീ
മാഞ്ഞുപോകുമ്പോൾ
നിൻ മുന്നിൽ കൈകൂപ്പി നിൽക്കുന്ന
പാവങ്ങളെ മറന്നുപോയോ?
നിൻമരങ്ങൾക്കുപകരംകെട്ടിടമായാൽ
സഹിക്കുന്നില്ലമ്മേ
നിന്നെ തഴുകിയിരുന്നവര് കുത്തിക്കീറുമ്പോൾ
സഹിക്കുന്നില്ലമ്മേ
നിൻറെ പഴയ മുഖമെല്ലാം  മനസ്സി-
ൽ നിന്ന് മറന്നുപോകുന്നു
എൻറെ അമ്മ ആകുന്ന നിന്നെയോർത്ത് ഞാൻ
എന്നും നോവുന്നു
എരിയുന്ന മനസ്സുമായി ഞാൻ എന്നും
ഓർക്കുന്നു നിന്നെ

ഷിഹാന ഫെബിൻ.പി 8.ബി



# പേന

അന്ധനാണ് മൂകനാണ് ബധിരനാണ് ഞാൻ
എന്നാലുംഞാൻ ഒഴുകുന്ന പുസ്തകമായ പു-
ഴയിൽ,എൻ കണ്ണിരായ്
ളുകുന്ന പൂ വസന്തം വരികളിൽ.
ഇരുട്ടിനെ നീക്കി
വെളിച്ചത്തെ ളുകി
സൂര്യനായ് ഉദിച്ച ഞാൻ.
ഈ ഞാനല്ലോ ഇന്ന് കുപ്പത്തൊട്ടിൻ-
അരികിൽ നിൽക്കുന്നു.
ചതിയിൻ വലയും വീശി വരുന്നവരെ-
യാണ് ഇന്ന് ലോകർക്കിഷ്ടം-
അറിയില്ല അറിയില്ല
ഈ ലോകം എങ്ങോട്ടാണ്
ചലിക്കുന്നതെന്ന്.

FATHIMA SANA .CK 8-A



# പൂക്കള്

മണമില്ല പൂക്കള്ക്ക് നിറവുമില്ല
പുഴയിന്ന് കളിതം പറഞ്ഞതില്ല
ഓണമില്ലമ്പല മുറ്റത്തൊരാളുമില്ല
ഓർക്കാനായി പൂത്തൊരിലഞ്ഞിയില്ല
മഴയില്ലൊന്നെനിക്കൊന്ന്
മഴനനയാന് ധനുവിന്റെ കുളിരിനെ
പ്രണയിച്ച രാത്രിയും
വിഷുവും വിളക്കും കണിക്കൊന്നയും
പൂന്നിലാവിന്റെ അകലണമെന്തിന്
നാണം മറക്കാന് കൊതിച്ചിടുന്നു

***MOHAMMED SUNEER8A***


അബ്ദുൾ വസീഹ്
കുറ്റിപ്പുറം ഉപജില്ല
ശാസ്ത്രോത്സവം
ന്യൂസ് മേക്കർ
ലിറ്റിൽ കൈറ്റ്സ്
അഭിനന്ദനങ്ങൾ
BHSS
മാവണ്ടിയൂർ
ike


ഞങ്ങളുടെവിദ്യാലയം

# കൈറ്റ്സ്ഏകദിനക്യാമ്പലെക്റിസ്തുമസ്ആഘോഷം



# അച്ഛൻ

വീട്ടുകാരുടെ തണലാണച്ഛൻ

അമ്മ വഴക്കു പറഞ്ഞു -

തളർത്തുന്ന മനസ്സിന്റെ

സാന്ത്വനമാണച്ഛൻ

കുടുംബത്തിന്റെ ATM -

കാർഡും അച്ഛൻ.

തന്റെ സങ്കടങ്ങൾക്കു മറയിട്ട്

കുടുംബത്തെ പോറ്റുന്ന അച്ഛൻ

*-സഞ്ജന M.9:B*

# മണ്ണുംമനുഷ്യനും



മാനവ ഹൃദയത്തിൽ  പറ്റിയ കറഏത്?

മനുഷ്യനെ ഇരുട്ടിലേക്ക് നയിക്കുന്ന താര്?

മാവേലി തൻ ഭരണത്തിൽ കള്ളവും

കളവും ഇല്ലാതെ, പോയ ലോകമിന്ന്

സഞ്ചരിപ്പതെ?എങ്ങനെ

മദ്യത്തിന് അടിമകളായി മയക്കുമരുന്നും വെച്ച്

സ്വബോധം ഇല്ലാതെ നടക്കുന്ന എങ്ങോട്ട്?

കുടുംബങ്ങൾ നോക്കാതെ

കലഹങ്ങൾ സൃഷ്ടിച്

മോഹാലസ്യപ്പെട്ടു വഴിയോരത്ത്

കിടപ്പിതെന്ത്?

വിദ്യാലയത്തിൽ പോലും മയക്കുമരുന്ന്

വെച്ച് ഗുരുക്കളെ മറന്നുള്ള

ഈ ജീവിതം എങ്ങോട്ട്?

എന്തുപറ്റി ഇന്ന് നമ്മുടെ ലോകത്തിന്

ഇത്രയധികം പതിക്കാൻ  കാരണം എന്തുണ്ടായി?

Fathima ridha.k 9D




ഓർമ്മകൾ
മരിക്കുമോ........................



# കഥക്-ലീനാമലേക്കർ




















ആ ഒഴിഞ്ഞ മുറിയിൽ അത്

ഒറ്റക്കായി പോയി അതൊരു

ഭ്രാന്തനെപ്പോലെ ഇടനാഴികളിൽ

ഇഴഞ്ഞലഞ്ഞ് നീങ്ങി കൊണ്ടിരുന്നു

ആദ്യ കാലം അതുമൊരു ഉപയോഗമുള്ള

വസ്തുവായി പ്രായോഗികമായി

ചലിച്ചുകൊണ്ടിരുന്നു

എങ്കിൽ ഇന്ന് അതിന് വളർച്ച നഷ്ടപ്പെട്ടിരിക്കുന്നു

ഇന്നും അത് ഉപകരിക്കും വേണ്ടി പ്രായോഗികമാക്കാൻ പറഞ്ഞാൽ
അത് അസാധ്യമായി തീരും

ഇത്രനാൾ അത്ഉപകരിച്ചു ഇന്ന് അത്

പ്രായോഗികമാക്കാൻ പറയണമെന്ന്

എങ്ങനെ കഴിയുന്നു ഈ മനുഷ്യർക്ക് ?

Jishnu Prasad MV

# കൊച്ചനുജൻ


ഇടശ്ശേരി ഗോവിന്ദൻ നായർ എഴുതിയ കൊച്ചനുജൻ എന്ന ഈ സമാഹാരം സ്നേഹം അഹം എത്ര മഹത്വമായ ആണെന്ന് എന്ന് മനസ്സിലാക്കുന്നു. തൻറെ ചേച്ചിയെ പിരിയൽ കുട്ടിക്ക് സഹിക്കില്ല കാരണം അവൾ അവിടെ ഒരു മുല്ലപ്പള്ളിയുടെ വേര് പോലെ പോലെ പടർന്നു പന്തലിച്ച ഇരുന്നു. അതുകൊണ്ടുതന്നെ അവരുടെ രക്ഷിതാക്കൾക്കും വലിയ സങ്കടമുണ്ട് . ചേച്ചി അനുജനെ കൂട്ടാതെ വേറെ എങ്ങോ അവൾ പോകുന്നു എന്ന കൊച്ചനുജൻ സ്വപ്നം കണ്ടാണ് മനസ്സിലാക്കിയത്. "ആഴത്തിൽ എത്രയും താഴ്ന്ന് ഇറങ്ങിപ്പോയ വേരിനെ എങ്ങനെ നീ പറിക്കും"ഈ വരി കുട്ടിയുടെ ആശങ്കകളിൽ വളരെ പ്രധാനപ്പെട്ടതാണ്. തൻറെ പ്രിയപ്പെട്ട ചേച്ചി ബന്ധങ്ങൾ എല്ലാം ഉപേക്ഷിച്ചു മറ്റൊരു വീട്ടിലേക്ക് യാത്ര പോകുന്നു. ഇത്രയും നാൾ ജീവിച്ച വീടും വീട്ടുകാരും എല്ലാം ഉപേക്ഷിച്ച് ഒരു ബന്ധവുമില്ലാതെ മറ്റൊരു വീട്ടിൽ താമസിക്കുമ്പോൾ ഉണ്ടാകുന്ന അന്ന് അവരുടെ വിങ്ങലും മനസ്സിലെ വേദനയും ആണ് കുട്ടി ഇവരെ കൊണ്ട് അർത്ഥമാക്കുന്നത്

ഈ കൊച്ചനുജൻ ചേച്ചിയുടെ ടെ കളിച്ചു വളരേണ്ട ഏഴോ എട്ടോ വയസ്സായ ആയ ഒരു കൊച്ചുകുട്ടി. അവൻക് അവൻറെ ചേച്ചി നിധിയാണ്. ചേച്ചിക്കും അതുതന്നെ. അതുകൊണ്ടാണ് അവൻ ഏറെ വിഷമിക്കുന്നതും ചേച്ചി ആ കുടുംബത്തിലെ ഒരു സ്വർണമായിരുന്നു. ഇടശ്ശേരി ഗോവിന്ദൻ നായരുടെ ഈ പ്രശസ്ത കവിത സ്നേഹത്തിൻറെയും സമാധാനത്തിനും ഉംഅടിത്തറയാണ്

Fathima risvana EP 9D

'പാഠഭേദം' എന്ന കവിതയ്ക്ക് നമ്പൂതിരി വരച്ച ചിത്രം!






## അമ്മ പൊന്നമ്മ

**അക്ഷര വാദ്യമായി ചൊല്ലിത്തന്ന**

**വിദ്യയും വിവേകവും എല്ലാം പഠിപ്പിച്ച**

**ദൈവമാണ് അമ്മ എന്നും എന്നും**

**നല്ല കാര്യങ്ങൾ മാത്രം പറയണം**

**നല്ല പ്രവർത്തികൾ മാത്രം ചെയ്യണം**

**എന്നാണ് എന്നെ അമ്മ പഠിപ്പിച്ചത്**

**എന്നും എൻറെ കൂടെയുണ്ടെന്ന് അമ്മ**

**ദൈവമാണെന്ന് അമ്മ പൊന്നമ്മ**

***Jasira nasrin.p***




ക്ലൗഡ്
ലിറ്റിൽ കൈറ്റ്സ് മാഗസിൻ


ക്ലൗഡ്
ലിറ്റിൽ കൈറ്റ്സ് മാഗസിൻ


# സൗഹൃദം

നമ്മൾ എവിടെയും ഒറ്റപെടുക ഇല്ല
അവർ തണലായി കൂടെ ഉണ്ടെങ്കിൽ
നമ്മൾ ഒരിക്കലും ദുഃഖിക്കുക ഇല്ല
സന്തോഷം നൽകാൻ അവർ ഉണ്ടെങ്കിൽ
നമുക്ക് ഒരു പ്രശ്നവും ഉണ്ടാവില്ല
പരിഹരിക്കാൻ അവർ ഉണ്ടെങ്കിൽ
നമ്മുടെ ജീവിതത്തിൻറെ വെളിച്ചമാണ് സൗഹൃദം
ആ വെളിച്ചം എന്നും പ്രകാശിക്കണം
ആ വെളിച്ചം അണഞ്ഞാൽ പിന്നീട് ഇരുട്ട ആയി മാറും
ലോകം സൗഹൃദത്തിന് വളരെ പ്രാധാന്യം നൽകുന്നു
നാം ഒരിക്കലും സൗഹൃദത്തിൻറെ പ്രാധാന്യം മറക്കരുത്
നാം കരയുമ്പോൾ ആശ്വസിപ്പിക്കാനും
നമ്മെ വീഴ്ചകളിൽ നിന്നും കൈപിടിച്ചുയർത്താൻ ഉം
നമ്മുടെ ഉയർച്ച കളിൽ പ്രോത്സാഹിപ്പിക്കാനും
നമ്മെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് നയിക്കാനും
അവർ മാത്രമായിരിക്കും ഉണ്ടായിരിക്കുക
അതാണ് നമ്മുടെ സൗഹൃദം
സൗഹൃദം നമ്മുടെ കയ്യും കണ്ണും തമ്മിലുള്ള ബന്ധം പോലെയാണ്
കൈക്ക് വേദന വരുമ്പോൾ
നമ്മുടെ കണ്ണ് കരയുന്നു
കണ്ണു കരയുമ്പോൾ കൈ ആ
കണ്ണുനീർ തുടച്ചു കൊടുക്കുന്നു
അതാണ് നമ്മുടെ സൗഹൃദം


**Aysha Liya.kp 9D**




QR CODE






അമമമാർക്കുള്ളക്ളാസ്




കലാലയജ്യോതി
സെമിനാർ
സൈബർ ലോകത്തിലെ കാണാക്കണികൾ

## **പഴയ അലമാര**

ജീവിതത്തിൽ ഫയലുകൾ കൾ

അവിടെയാണ് പഴയ അലമാരയിൽ ആണ്

പാതി കുതിർന്ന്

വെന്തെരിഞ്ഞ്

കത്തി തീർന്ന്.....

ദുരിതങ്ങൾ പേറിയും

വാർദ്ധക്യത്തെ തഴുകിയും

സ്നേഹം ഉറങ്ങുന്ന

ആ അലമാരയുടെ താക്കോല് എൻ

പോക്കറ്റിൽ ആണ്

എനിക്കത് പൊട്ടക്കിണറ്റിൽ ഇടാം

വൃദ്ധസദനത്തിൽ തള്ളാം

ആ പഴയ അലമാര മേൽ ആഴത്തിൽ

മുറിവുകൾ തീർക്കാം

എന്നാലും എനിക്ക് അത് എല്ലാം വെറുപ്പാണ്


ആ പഴയ അലമാര

എനിക്ക് ഏറെ പ്രിയമുള്ളതല്ലോ

പ്രിയപ്പെട്ട തല്ലോ ,പ്രിയപ്പെട്ട തല്ലോ....

**നീരജ് നാരായണന്ന്**


## നീരജ് നാരായണന്റെ കവിതയ്ക്ക് അംഗീകാരം






പുസ്തക പ്രകാശനം റോസ് മേരി ആണ് നിർവ്വഹിച്ചത്. സമകാലികകവിതയാണെന്നുംഅർത്ഥവത്തായലളിതപദങ്ങളിലൂടെ അവതരിപ്പിച്ചിട്ടുണ്ടെന്നും പരാമർശിച്ചു.

സാഹിതി പല്ലശന എൻഡോവ്മെന്റിലേയ്ക്ക് 15 കവിതകൾ തിരഞ്ഞെടുത്തു. അതിൽ നിന്നും 3 എണ്ണം ജൂറി പുരസ്കാരത്തിന് തിരഞ്ഞെടുത്തു.**മൂന്നാം സ്ഥാനം ലഭിച്ച കവിതയാണിത്**. കേരളത്തിൽ എല്ലാ ജില്ലകളിൽ നിന്നും സൃഷ്ടികൾ കിട്ടിയിരുന്നു എന്നാണ് സംഘാടകർ അറിയിച്ചത്.തിരഞ്ഞെടുത്ത കവിതകൾ തീർഥം സമാഹാരത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



# പൂന്തോട്ടം

പൂക്കള് നിറയും പൂന്തോട്ടം
പക്ഷി പറക്കും പൂന്തോട്ടം
സ്നേഹം നിറയും പൂന്തോട്ടം
കുഞ്ഞിക്കിളികളും വണ്ടും നിറയും പൂന്തോട്ടം
സുന്ദരമാമീ പൂന്തോട്ടം -

Hannath.v 9B



# പേന

അന്ധനാണ് മൂഖനാണ് ബധിരനാണ് ഞാന്
എന്നാലുംഞാന് ഒഴുകുന്നു പുസ്തകമായ പു-
ഴയില്,എന് കണ്ണിരായ്
തൂകുന്നു പൂ വസന്തം വരികളില്.
ഇരുട്ടിനെ നീക്കി
വെളിച്ചത്തെ തൂകിസൂര്യനായ് ഉദിച്ചു
ഞാന്.ഈ ഞാനല്ലോ ഇന്ന്
കുപ്പത്തൊട്ടിന്-അരികില് നില്ക്കുന്നു.
ചതിയിന് വലയും വീശി വരുന്നവരെ-
യാണ് ഇന്ന് ലോകര്ക്കിഷ്ടം-
അറിയില്ല അറിയില്ല
ഈ ലോകം എങ്ങോട്ടാണ്
ചലിക്കുന്നതെന്ന്.

FATHIMA SANA .CK 8-A

## *കേരളമാകുന്ന പ്രകൃതി*

കാട്ടും മലയും പുഴയും
തോട്ടും ചേർന്നതാണീ കേരളം
പച്ചപുതപ്പ് വിരിച്ചതുപോലെ
സുന്ദരമാണീ കേരളം
ജാതി-ഭേദങ്ങൾ മായച്ചുകളയുന്ന
നന്മയുള്ളൊരു കേരളം
കുട്ടനാടിൻ മഹത്വവും
പൂരങ്ങളുടെ നാടുമാണ്
നമ്മുടെ കേരളം

SANIGA.E.T 9.B





